ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.11.2024** **TIME : 7.25 AM**

## പ്രധാന വാർത്തകൾ

1. ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്ൻ 3.0ക്ക് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   Union Minister of State Jitendra Singh will launch the Digital Life Certificate Campaign 3.0 in New Delhi today.

2. നിതി ആയോഗ് സംഘടിപ്പിക്കുന്ന 15 ദിവസത്തെ ജൽ ഉത്സവിന് ഇന്ന് തുടക്കമാകും.

   NITI Aayog will be launching 15 day 'Jal Utsav' from today to create awareness and sensitivity towards water management, conservation and sustainability.

3. ജമ്മുകാശ്മീരിലെ ബന്ദിപ്പോരയിൽ സൈന്യം ഒരു ഭീകരനെ വധിച്ചു. ഏറ്റുമുട്ടൽ തുടരുന്നു.

   One terrorist has been killed in the ongoing operation in Kaitsan area of Bandipora.

4. പ്രശസ്ത ഗായിക ശാരദ സിൻഹ വിടവാങ്ങി ; പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി.

   Renowned Singer Sharda Sinha Dies; Prime Minister Narendra Modi expressed his condolences.

5. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അന്തിമഘട്ടത്തിൽ.

   Voting in the US presidential election is nearing completion.

6. സംസ്ഥാന സ്കൂൾ കായിക മേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ജില്ല.

Thiruvananthapuram continues its progress in the State School Sports Meet. Thrissur is at the second position and Kannur is at the third position.

*********************************

## PRESIDENT DROUPADI MURMU.. INTRO

നീതിയുക്തമായ സമൂഹം ഉറപ്പാക്കാൻ നീതിന്യായ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സുപ്രീംകോടതിയുടെ മൂന്ന് പ്രസിദ്ധീകരണങ്ങൾ ന്യൂഡൽഹിയിൽ പുറത്തിറക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയ്സ്.........)

*********************************

## PARLIAMENT WINTER SESSION

പാർലമെന്റിന്റെ ശീതകാല സമ്മേളനം ഈമാസം 25 മുതൽ അടുത്തമാസം 20 വരെ നടക്കും. നവംബർ 26 ന് ഭരണഘടന അംഗീകരിച്ചതിന്റെ 75-ാാം വാർഷികം സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ ആഘോഷിക്കുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

*********************************

## OM BIRLA.. INTRO

സമകാലിക സമൂഹം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതാണ് രാജ്യത്തെ പുതിയ ക്രിമിനൽ നിയമങ്ങളെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർല. 83 രാജ്യങ്ങളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോൺസ്റ്റിറ്റ്യൂഷണൽ ആൻറ് പാർലമെൻററി സ്റ്റഡീസ് ഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുക യായിരുന്നു ലോക്സഭാ സ്പീക്കർ.

(വോയ്സ്)

*********************************

## JITENDRA SINGH

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്ൻ 3.0ക്ക് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. 800 നഗരങ്ങളിലും ജില്ലകളിലുമായി പെൻഷൻ-പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് രാജ്യവ്യാപകമായി നടത്തുന്ന കാമ്പയിൻ ഈ മാസം 30 വരെ തുടരും.

*********************************

## NITI AAYOG – JAL UTSAV

നിതി ആയോഗ് സംഘടിപ്പിക്കുന്ന 15 ദിവസത്തെ ജൽ ഉത്സവിന് ഇന്ന് തുടക്കമാകും. ജലവിനിയോഗം, സംരക്ഷണം, സുസ്ഥിരത എന്നിവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട 20 ജില്ലകളേയും ബ്ലോക്കുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഈ മാസം 24 വരെയാണ് ജൽ ഉത്സവ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഡിസംബറിൽ നടന്ന മൂന്നാമത് ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ജൽ ഉത്സവ് എന്ന ആശയം മുന്നോട്ട് വച്ചത്.

*********************************

## JHARKHAND ELECTION

ജാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിങ്ങ് ഇന്നലെ സംസ്ഥാനത്ത് പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, ഐ.എൻ.ഡി.ഐ സഖ്യത്തിന്റെ തിരഞ്ഞെടുപ്പ് റാലികളെ ഇന്നലെ അഭിസംബോധന ചെയ്തു. സഖ്യത്തിന്റെ പ്രകടന പത്രിക ഇന്നലെ പുറത്തിറക്കി. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടമായാണ് ജാർഖണ്ഡിൽ വോട്ടെടുപ്പ്.

*******************************

## MAHARASHTRA CAMPAIGNING

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി മുന്നേറുന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പ്രചാരണത്തിനായി ഇന്ന് മുംബൈയിലെത്തും. ശിവസേന നേതാവും മുഖ്യമന്ത്രിയുമായ ഏക്നാഥ് ഷിൻഡെ സതാരയിൽ ഇന്നലെ വിവിധ റാലികളിൽ പങ്കെടുത്തു. ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫട്നവിസും പ്രചരണരംഗത്ത് സജീവമാണ്.

*******************************

## CHHATTH PUJA BIHAR

ഛഠ് പൂജയോടനുബന്ധിച്ച് ബിഹാറിൽ സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി. പട്നയിലും മറ്റ് നഗരങ്ങളിലും ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്സവത്തിന്റെ ഭാഗമായി ഛഠ് ഘട്ടുകൾ സ്ഥാപിച്ചിട്ടുള്ള നദീതീരങ്ങളിൽ ശുചീകരണപ്രവർത്തനങ്ങളും നടത്തിവരുന്നു. അപകടങ്ങൾ ഒഴിവാക്കാൻ ദേശീയ, സംസ്ഥാന ദുരന്തപ്രതികരണ സേനകളെ നദീതീരങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

*******************************

## SPECIAL TRAINS-DELHI

ഛഠ് പൂജയോടനുബന്ധിച്ച് ഡൽഹിയിൽ നിന്ന് രാജ്യത്തിന്റെ കിഴക്കൻ മേഖലകളിലേക്ക് 25 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നു. ഈ മാസം 30 വരെ 7,000ത്തോളം പ്രത്യേക ട്രെയിനുകളാണ് സർവ്വീസ് നടത്തുന്നത്.

*******************************

## VP-CHHATTISGARH

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഛത്തീസ് ഗഢ് സന്ദർശിക്കും. റായ്പൂരിൽ നടക്കുന്ന ഛത്തീസ്ഗഢ്

സ്ഥാപകനിദാഘോഷ പരിപാടിയുടെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും.

******************************************

## SHARDA SINHA DEATH

പ്രശസ്ത ഗായിക ശാരദ സിൻഹ വിടവാങ്ങി. ന്യൂഡൽഹിയിലെ എയിംസിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. 72 വയസായിരുന്നു. ഭോജ്പുരി, മൈഥിലി ഭാഷകളിലെ നാടോടി ഗാനങ്ങളിലൂടെ പ്രശസ്തയായ ശാരദ സിൻഹക്ക് രാജ്യം പത്മഭൂഷൻ നൽകി ആദരിച്ചിട്ടുണ്ട്. ബിഹാർ കോകില എന്നറിയപ്പെട്ട ശാരദയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

******************************************

## INDIA-ZAMBIA

സാംബിയ സന്ദർശനം നടത്തുന്ന കേന്ദ്രസഹമന്ത്രി കീർത്തി വർധൻ സിംഗ്, സാംബിയൻ വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രി മുലംബോ ഹൈംബെയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-സാംബിയ ബഹുമുഖ ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തിയതായി കേന്ദ്രസഹമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

******************************************

## J AND K-TERRORISTS

ജമ്മു കശ്മീരിലെ ബന്ദിപ്പോര ജില്ലയിലെ വനമേഖലയിൽ സുരക്ഷാസേന ഒരു ഭീകരനെ വധിച്ചു. സുരക്ഷാ സേനയും പോലീസും സിആർപിഎഫും സംയുക്തമായി നടത്തിയ തെരച്ചിലിനിടെ, ഭീകരർ വെടിയുതിർക്കുകയായിരുന്നു. മേഖലയിൽ ഇപ്പോഴും ഏറ്റുമുട്ടൽ തുടരുകയാണെന്ന് സൈന്യം അറിയിച്ചു.

*****************************

## NT. US PREZ VOTING

അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അന്തിമഘട്ടത്തിൽ. അമ്പതു സംസ്ഥാനത്തായി കോടിക്കണക്കിന് വോട്ടർമാർ സമ്മതിദാന അവകാശം രേഖപ്പെടുത്തി. എട്ടുകോടിപ്പേർ മുൻകൂറായി വോട്ട് രേഖപ്പെടുത്തിയെങ്കിലും ഇന്നലെ പോളിങ് ആരംഭിച്ചപ്പോൾ മുതൽ എല്ലാ വോട്ടെടുപ്പ് കേന്ദ്രങ്ങളിലും നല്ല തിരക്കാണ് അനുഭവപ്പെട്ടത്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണൾഡ് ട്രംപും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസും ഇഞ്ചോടിഞ്ച് മത്സരത്തിലാണെന്നാണ് അഭിപ്രായ സർവെകൾ സൂചിപ്പിക്കുന്നത്.

*****************************

## KERALA BYELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം അന്തിമഘട്ടത്തിലേക്ക്. വയനാട് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പങ്കെടുക്കും. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഈ മാസം എട്ടിനും ഒൻപതിനും മൂന്നാംഘട്ട പ്രചാരണം നടത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വിവിധ കേന്ദ്രങ്ങളിൽ എത്തും. ചേലക്കരയിൽ എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണന്റെ തിരഞ്ഞെടുപ്പ് പര്യടന പരിപാടി ബിജെപിയുടെ മുതിർന്ന നേതാവ് പ്രകാശ് ജാവദേക്കർ വൈകിട്ട് ഉദ്ഘാടനം ചെയ്യും. എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപിന്റെ പ്രചാരണ പരിപാടികളിൽ സിപി ഐ എം സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പങ്കെടുക്കും. UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ഇന്ന് മുള്ളൂർക്കര മണ്ഡലത്തിലാണ്.

*****************************

## PALAKKAD ....... INTRO

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്ട് കോൺഗ്രസ് നേതാക്കൾ താമസിക്കുന്ന ഹോട്ടൽമുറികൾ പോലീസ് പരിശോധിച്ചു. വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......

(വോയ്സ്)

*********************************************

## L MURUGAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ ഇന്ന് കേരളത്തിലെത്തും. ഇന്ന് രാത്രി കൊച്ചിയിലെത്തുന്ന അദ്ദേഹം നാളെ ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷം തമിഴ്നാട്ടിലേയ്ക്ക് തിരിക്കും. വെള്ളിയാഴ്ച തേനിയിലും നാമക്കല്ലിലും വിവിധ പരിപാടികളിൽ പങ്കെടുക്കും.

*********************************************

## KERA PROJECT

കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള കേര പദ്ധതിക്ക് ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചതായി മന്ത്രി പി. പ്രസാദ് അറിയിച്ചു. ലോക ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ ബോർഡ് യോഗത്തിൽ സംസ്ഥാന കൃഷി വകുപ്പ് സമർപ്പിച്ച 2365.5 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് അംഗീകാരം നൽകിയത്.

*********************************************

## KERALA SPORTS MEET

കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ 285 മത്സരങ്ങൾ പൂർത്തിയായപ്പോൾ 702 പോയിന്റുകളുമായി തിരുവനന്തപുരം മുന്നേറ്റം തുടരുന്നു. തൃശ്ശൂർ രണ്ടാം സ്ഥാനത്തും, കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. നീന്തൽ കുളത്തിൽ ഇന്നലെ 6 റെക്കോർഡുകൾ പിറന്നു. സവിശേഷ പരിഗണന

അർഹിക്കുന്നവരുടെ വിഭാഗത്തിൽ തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. പാലക്കാട് രണ്ടാം സ്ഥാനവും കോഴിക്കോട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

*******************************

## SUPER LEAGUE KERALA

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കാലിക്കറ്റ് എഫ് സി ഫൈനലിൽ. കോഴിക്കോട് നടന്ന മത്സരത്തിൽ തിരുവനന്തപുരം കൊമ്പൻസിനെ ഒന്നിനെതിരെ രണ്ടുഗോളിനാണ് പരാജയപ്പെടുത്തിയത്. ഇന്ന് രണ്ടാംസെമിയിൽ കണ്ണൂരും കൊച്ചിയും ഏറ്റുമുട്ടും.

*******************************

## BOXING- WBF TITLE

കേമാൻ ഐലൻഡിൽ നടന്ന ലോക ബോക്സിംഗ് ഫെഡറേഷന്റെ സൂപ്പർ ഫെതർവെയ്റ്റ് ലോക കിരീടം ഇന്ത്യൻ ബോക്സർ മൻദീപ് ജംഗ്ര സ്വന്തമാക്കി. ബ്രിട്ടന്റെ കോണർ മക്കിന്റോഷിനെ 10-0ന് പരാജയപ്പെടുത്തിയാണ് കിരീടനേട്ടം. ഇതോടെ പ്രൊഫഷനൽ ബോക്സിംഗ് വിഭാഗത്തിൽ ലോക ചാമ്പ്യനാകുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടം മൻദീപ് സ്വന്തമാക്കി.

*******************************

## RENJI TROPHY

രഞ്ജി ട്രോഫിയിൽ കേരളം ഇന്ന് സീസണിലെ നാലാം മത്സരത്തിനിറങ്ങും. തിരുവനന്തപുരം തുമ്പ സെയ്ന്റ് സേവ്യേഴ്സ് ഗ്രൗണ്ടിൽ നടക്കുന്ന മത്സരത്തിൽ ഉത്തർപ്രദേശിനെ നേരിടും.

*******************************

## IPL

ഈ വർഷത്തെ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് താരലേലം ഈ മാസം 24, 25 തീയതികളിൽ നടക്കും. സൗദി അറേബ്യയിലെ ജിദ്ദയിലാണ് ലേലം.

************************************

## IFFI- CINEMATIC LEGENDS

ഗോവ വേദിയാകുന്ന ഇന്ത്യയുടെ 55-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ രാജ്യത്തിന്റെ മൺമറഞ്ഞ നാലു ചലച്ചിത്രപ്രതിഭകളെ ആദരിക്കും. രാജ് കപൂർ, തപൻ സിൻഹ, അക്കിനേനി നാഗേശ്വര റാവു, മുഹമ്മദ് റാഫി എന്നീ ചലച്ചിത്ര ഇതിഹാസങ്ങൾക്കാണ് മേള ശ്രദ്ധാഞ്ജലി അർപ്പിക്കുക. ഈ മാസം 20 മുതൽ 28വരെയാണ് മേള.

************************************************************************************************************